## ? ചോദ്യോത്തരം
### മുജീബ്

# ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയം അനിസ്‌ലാമികമോ?

■ *"ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയം അനിസ്‌ലാമികവും അപകടകരവുമാണെന്ന് കെ.എൻ.എം സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ലക്കോയ മദനി. ഇന്ത്യയുടെ ഭരണഘടന അനിസ്‌ലാമികമാണെന്നു പറഞ്ഞവർ രാഷ്ട്രീയ പോരാട്ടത്തിനു ഇറങ്ങിയിരിക്കുകയാണ്. ഈ പ്രസ്ഥാനത്തിന്റെ അപകടത്തെക്കുറിച്ച് കെ.എൻ.എം തുടക്കത്തിലേ വ്യക്തമാക്കിയതാണ്. ഇവരെപോലെയുള്ള ഒരു പ്രസ്ഥാനം രാഷ്ട്രീയത്തിൽ ഇറങ്ങിയതിന്റെ ദുരന്തഫലമാണ് ഇന്ന് കശ്മീരിൽ കാണുന്നത്"*(മലയാള മനോരമ *12.1.2009). കെ.എൻ.എം (എ.പി ഗ്രൂപ്പ്) മുന്നോട്ടുവെക്കുന്ന ഇസ്‌ലാമികവും അപകടരഹിതവുമായ രാഷ്ട്രീയം എന്താണ്?*

***പാക്കത്ത് മുഹമ്മദ്***
***അലനല്ലൂർ***

**മ**നുഷ്യസമൂഹത്തിൽ ശാന്തിയും നീതിയും പുലരാൻ അല്ലാഹു പ്രവാചകന്മാരിലൂടെ കാലാകാലങ്ങളിൽ അവതരിപ്പിച്ച സമ്പൂർണ ജീവിതദർശനമാണ് ഇസ്‌ലാമെന്ന് അതിനെക്കുറിച്ച് സാമാന്യ വിവരമെങ്കിലും ഉള്ളവർക്കൊക്കെ നന്നായറിയാം. ശാന്തിയും നീതിയും സ്വകാര്യ ജീവിതത്തിൽ മാത്രംപോരെന്നും സമൂഹത്തെയാകെ ജീവിതതുറകളിലുടനീളം പരിവർത്തിച്ചാൽ മാത്രമേ ലക്ഷ്യംനേടാനാനാവൂ എന്നും സാമാന്യയുക്തിയും അനുഭവങ്ങളും ആരെയും ബോധ്യപ്പെടുത്തും. ഇന്നത്തെ ലോകത്ത് അശാന്തിയും യുദ്ധവും അധാർമികവൃത്തികളും ആധിപത്യംനേടാൻ കാരണം അല്ലാഹുവിന്റെ സാന്മാർഗിക തത്ത്വങ്ങളെ അവഗണിച്ചതും നിരാകരിച്ചതുമാണെന്ന് വിശ്വാസികൾക്ക് ബോധ്യമുണ്ട്. അതിനാൽ പ്രവാചകമാതൃകയിൽ ദൈവികസന്മാർഗത്തിലൂന്നി സാമൂഹിക പരിവർത്തനത്തിന് സമാധാനപരമായും എന്നാൽ പ്രതിബദ്ധതയോടെയും പണിയെടുക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അത് സജീവ രാഷ്ട്രീയത്തിൽകൂടി ഇറങ്ങുന്നതല്ല, ഇറങ്ങാതിരിക്കുന്നതാണ് അപകടം. ഇസ്‌ലാമിനെക്കുറിച്ച് അജ്ഞത മാത്രം കൈമുതലായുള്ള അഥവാ അതിനെ വേണ്ടുവോളം തെറ്റിദ്ധരിപ്പിച്ച ഒരു സമൂഹത്തിൽ മൗലികതത്ത്വങ്ങൾ സാമാന്യമായെങ്കിലും പരിചയപ്പെടുത്താതെയും കർമനിരതരായ ഒരു പ്രബോധക വ്യൂഹത്തെ വാർത്തെടുക്കാതെയും സജീവ രാഷ്ട്രീയത്തിലിറങ്ങാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സാധിക്കുമായിരുന്നില്ല. അതുകൊണ്ടാണ് വ്യക്തവും വ്യതിരിക്തവുമായ രാഷ്ട്രീയ വീക്ഷണം തുടക്കം മുതൽക്കേ വെച്ചുപുലർത്തിയിട്ടും പടിപടിയായി മാത്രം രാഷ്ട്രീയരംഗത്തിറങ്ങാൻ പ്രസ്ഥാനം നിർബന്ധിതമായത്. ഇപ്പോഴും ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് രാഷ്ട്രീയ പാർട്ടിയാവാനോ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനോ തീരുമാനിച്ചിട്ടില്ല. ഒരു വശത്ത് ഹിന്ദുതീവ്രവാദവും മറുഭാഗത്ത് അധാർമിക മതേതരത്വവും ഏറ്റുമുട്ടുന്ന ദേശീയ രാഷ്ട്രീയത്തിൽ തിരുത്തൽ ശക്തിയായി ഒരു മതനിരപേക്ഷ ജനാധിപത്യ സാമൂഹിക നീതി രാഷ്ട്രീയ കൂട്ടായ്മ രൂപവത്കരിക്കുന്നതിനെക്കുറിച്ചേ ജമാഅത്ത് ചിന്തിക്കുന്നുള്ളൂ. അതെപ്പോൾ പൂർണരൂപത്തിൽ യാഥാർഥ്യമാവുമെന്ന് പറയാറായിട്ടുമില്ല.

പക്ഷേ, ഇങ്ങനെയൊരു ചിന്ത പുറത്തുവന്നപ്പോൾ അപായ സൂചനയുമായി രംഗത്തിറങ്ങിയിരിക്കുന്നത് ഉൽപതിഷ്ണുക്കളെന്നും പുരോഗമനവാദികളെന്നും അവകാശപ്പെടുന്ന മുഹാജിദ് പ്രസ്ഥാനമാണ്. ഇസ്‌ലാമിനെ അരാഷ്ട്രീയവത്കരിക്കുകയും മതവത്കരിക്കുകയും സാമൂഹിക നിരപേക്ഷമാക്കുകയും നവയാഥാസ്ഥിതികത്വത്തിന്റെ തടവറയിൽ തളച്ചിടുകയും ചെയ്യുന്നവർക്ക് മറ്റൊരു നിലപാട് സ്വീകരിക്കാൻ പ്രയാസമുണ്ടാവും, അവർ പ്രത്യേകിച്ച് സാമ്പ്രദായിക സാമുദായിക രാഷ്ട്രീയത്തിന്റെ വക്താക്കൾകൂടിയാവുമ്പോൾ.

ഇന്ത്യൻ ഭരണഘടന ഇസ്‌ലാമികമാണെന്ന അവകാശവാദം സലഫികൾക്കുണ്ടോ? ഉണ്ടെങ്കിൽ അതാണ് മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് ഭരണഘടനയെ സംബന്ധിച്ചേടത്തോളം അപകടകരം. ഒരു മതത്തോടും ആഭിമുഖ്യമില്ലാത്ത ഭരണഘടനയെ എങ്ങനെയാണ് ഇസ്‌ലാമികമെന്ന് വിശേഷിപ്പിക്കുക? ഭരണഘടന ഇസ്‌ലാമിന് വിരുദ്ധമാണോ എന്നതാണ് ചോദ്യമെങ്കിൽ, ഇസ്‌ലാമിന് നിരക്കുന്നതും നിരക്കാത്തതുമായ ഖണ്ഡികകളും വകുപ്പുകളും മതേതര ഭരണഘടനയിലുണ്ട് എന്നാണ് ഉത്തരം. മാർഗദർശകതത്ത്വങ്ങളിലുള്ള ഏകസിവിൽകോഡും ഗോവധ നിരോധവും ഇസ്‌ലാമികമാണെന്നോ അല്ലെന്നോ മുജാഹിദ് സംഘടനയുടെ അഭിപ്രായം? ഭിന്നാഭിപ്രായങ്ങൾക്കുകൂടി ഇടംനൽകുന്ന, പാർലെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചാൽ ഭരണഘടന തന്നെ ഭേദഗതി ചെയ്യാമെന്ന് അനുശാസിക്കുന്ന ഇന്ത്യൻ ഭരണഘടനയോടുള്ള താത്ത്വിക യോജിപ്പും വിയോജനവും നിലനിർത്തിക്കൊണ്ടുതന്നെ അതിനെ പ്രയോഗതലത്തിൽ ജമാഅത്ത് അംഗീകരിക്കുന്നു. ഭരണഘടനാ വിരുദ്ധമായ ഒരു ചെയ്തിയും സംഘടനയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടതുകൊണ്ടായിരുന്നല്ലോ സുപ്രീംകോടതി നിരോധം റദ്ദാക്കിയത്.

കശ്മീർ പ്രശ്നത്തിന്റെ തുടക്കമോ പശ്ചാത്തലമോ നിലവിലെ സ്ഥിതിയോ ഒന്നും, പ്രശ്നം രാഷ്ട്രീയമായതുകൊണ്ടാവാം കെ.എൻ.എം പ്രസിഡന്റ് പഠിച്ചിട്ടില്ല. പഠിച്ചിരുന്നെങ്കിൽ ജമ്മു-കശ്മീരിലെ പ്രശ്നങ്ങളുടെ ഉത്തരവാദിത്വം അദ്ദേഹം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പേരിൽ കെട്ടിയേൽപ്പിക്കുമായിരുന്നില്ല. ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ ഭാവി നിർണയിക്കപ്പെടാത്ത നാട്ടുരാജ്യമായ ജമ്മു-കശ്മീരിൽ ഇസ്‌ലാമിക പ്രവർത്തകർ പ്രദേശത്തിന്റെ ഭാവി അന്തിമമായി തീർപ്പാക്കപ്പെട്ടുന്നതുവരെ സ്വതന്ത്രമായി നിൽക്കാൻ തീരുമാനിക്കുകയായിരുന്നു. ജമ്മു-കശ്മീർ ജമാഅത്തെ ഇസ്‌ലാമിക്ക് ഇന്ത്യയിലെയോ പാകിസ്താനിലെയോ ജമാഅത്തുകളുമായി സംഘടനാ ബന്ധങ്ങളില്ല. കശ്മീരിലെ തെരഞ്ഞെടുപ്പുകളിൽ ഇന്ത്യൻ ഭരണഘടനക്ക് വിധേയമായി മത്സരിക്കുകയും ജയിക്കുകയും ചെയ്ത സംഘടനയാണ് ജമ്മു-കശ്മീർ ജമാഅത്തെ ഇസ്‌ലാമി. എന്നാൽ 1987-ലെ തെരഞ്ഞെടുപ്പ് കൃത്രിമങ്ങളിൽ പ്രതിഷേധിച്ച് ഒരു വിഭാഗം പാർലമെന്ററി സമ്പ്രദായത്തെത്തന്നെ നിരാകരിച്ച് സായുധ സമരത്തിന്റെ വഴിയെപോയി. അവർ ഇസ്‌ലാമിക രാഷ്ട്ര സംസ്ഥാപനമല്ല, ഹിതപരിശോധനയാണ് മുന്നോട്ടുവെച്ച ആവശ്യം. നിലവിലെ ജമ്മു-കശ്മീർ ജമാഅത്ത് നേതൃത്വം പക്ഷേ ഈ വിഭാഗത്തെ അംഗീകരിക്കുന്നില്ല. ആൾ പാർട്ടി ഹുർരിയത്ത് കോൺഫറൻസിന്റെ മൊത്തം ആവശ്യമാണ് ഹിതപരിശോധന. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിനെ പിന്താങ്ങിയിട്ടില്ല.

## മുസ്‌ലിം ലീഗിന്റെ ഹറാം-ഹലാലുകൾ

■ *"മുസ്‌ലിംലീഗ് ഹറാമെന്ന് പറയുമ്പോൾ ഹറാമെന്ന് പറയാനും ഹലാലെന്ന് പറയുമ്പോൾ അങ്ങനെ പറയാനും മുജാഹിദ് പ്രസ്ഥാനത്തെ കിട്ടില്ലെന്ന് നദ്‌വത്തുൽ മുജാഹിദീൻ ജനറൽ സെക്രട്ടറി ഡോ. ഹുസൈൻ മടവൂർ. 'മതം മാനവമൈത്രിക്ക്' കാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച ബഹുജന സംഗമത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.*

*പ്രചരിപ്പിക്കുന്നത് കേട്ടാൽ രാജ്യത്തെ മുസ്‌ലിംകളുടെ ഏറ്റവും വലിയ പ്രശ്നം വഖ്ഫ് ബോർഡ് ചെയർമാനെ നിശ്ചയിച്ചതാണെന്ന് തോന്നും. ഇതിന്റെ പേരിൽ മുജാഹിദ് പ്രസ്ഥാനത്തിന്റെ മേലിട്ട് കയറാൻ നോക്കേണ്ട. സമുദായത്തിന്റെ പ്രശ്നംവരുമ്പോൾ കക്ഷിരാഷ്ട്രീയം നോക്കി ഞങ്ങൾക്ക് നിലപാട് സ്വീകരിക്കാനാവില്ല. ബാബരിമസ്ജിദ് തകർത്തപ്പോൾ നരസിംഹറാവുവാണ് പ്രധാനമന്ത്രിയെന്ന് കരുതി സർക്കാറിനെ തങ്ങൾ എതിർക്കാതിരുന്നിട്ടില്ല. പ്രസ്ഥാനം കഴിഞ്ഞേ ഞങ്ങൾക്ക് മറ്റെന്തുമുള്ളൂ. അച്യുതമേനോൻ സർക്കാറുണ്ടായത് ലീഗ് സഹായത്തോടെയായിരുന്നുവെന്ന് വിസ്മരിക്കരുത്. ലീഗ് പ്രചാരണങ്ങളെ എന്തു വിലകൊടുത്തും ചെറുത്തു തോൽപിക്കും"* (മാധ്യമം *6.1.2009). യഥാർഥത്തിൽ സ്വന്തമായൊരു രാഷ്ട്രീയ നിലപാടില്ലാത്തതല്ലേ ഇത്തരം അവസ്ഥക്ക് കാരണം?*

***മുഹമ്മദ് റഫീഖ് ജിദ്ദ***

**ചെ**റുതോ വലുതോ ആയ ഏത് ഇസ്‌ലാമിക സംഘടനക്കും കൃത്യമായ സാമൂഹിക-രാഷ്ട്രീയ നിലപാട് ഉണ്ടായേ തീരൂ. അതിന്നാധാരം ഖുർആനും സുന്നത്തും ആയിരിക്കുകയും വേണം. വിഭജനത്തിനും സ്വാതന്ത്ര്യത്തിനും മുമ്പ് കേരള സലഫി പണ്ഡിതസഭക്ക് സാമുദായിക രാഷ്ട്രീയത്തോടായിരുന്നു സാമാന്യമായ ആഭിമുഖ്യം. അതിന് മതപരമായ ന്യായീകരണവും അവർ കണ്ടെത്തിയിരുന്നു. ശീഈ വംശജനായ മുഹമ്മദലി ജിന്നയുടെ രാഷ്ട്രീയ നേതൃത്വം അവർ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ കരുത്തിനും ദീർഘായുസ്സിനും വേണ്ടി പ്രാർഥിക്കുന്ന പ്രമേയം പാസ്സാക്കുകയും ചെയ്തിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ നേരെയും ഏറക്കുറെ സമാന സമീപനമാണ് കേരള ജംഇയ്യത്തുൽ ഉലമായും കേരള നദ്‌വത്തുൽ മുജാഹിദീനും സ്വീകരിച്ചുവന്നത്. എന്നാൽ കോൺഗ്രസ്സുകാരും കമ്യൂണിസ്റ്റുകാരും മറ്റു പാർട്ടിക്കാരുമുണ്ട് മുജാഹിദുകളിൽ. അതിനാൽ മുജാഹിദുകൾ മുസ്‌ലിം ലീഗിൽ മാത്രമേ ചേർന്നു പ്രവർത്തിക്കാവൂ എന്ന ശാഠ്യവും, കെ.എൻ.എമ്മിലെ പിളർപ്പിനു ശേഷം ഒരു വിഭാഗത്തോട് മാത്രം കൂടുതൽ ആഭിമുഖ്യവും മുസ്‌ലിം ലീഗിനുണ്ടെന്ന ധാരണ സൃഷ്ടിക്കപ്പെട്ടാൽ മുജാഹിദുകളിൽ അസ്വാസ്ഥ്യം പടരും. അതിന്റെ സൂചനയാണ് ഡോ. ഹുസൈൻ മടവൂരിന്റെ പ്രസ്താവന. മുജാഹിദുകളിൽ കമ്യൂണിസ്റ്റ് പ്രവർത്തകർ പോലും ഉണ്ടെന്നിരിക്കെ ഇടതുസർക്കാറിന്റെ വഖ്ഫ് ബോർഡിൽ കെ.എൻ.എം പ്രതിനിധിയുണ്ടാവുന്നതും അദ്ദേഹം കമ്യൂണിസ്റ്റുകാരനായ ചെയർമാനെ പിന്താങ്ങുന്നതും അസ്വാഭാവികമായി കാണാൻ വയ്യ. മതേതര പാർട്ടിയായ മുസ്‌ലിം ലീഗിന് മതസംഘടനകളുടെ പിളർപ്പിൽ പക്ഷംചേരാതിരിക്കാൻ പലപ്പോഴും സാധിക്കുന്നില്ലെന്ന വൈരുധ്യം ആ പാർട്ടിക്ക് തലവേദന സൃഷ്ടിക്കുന്നുണ്ട്.

## എൻ.ഡി.എഫ്-സി.പി.എം ബാന്ധവം

■ പ്രബോധനം *വാരികയുടെ ലക്കം 28-ൽ ആര്യാടൻ ഷൗക്കത്തിന്റെ ഒരു പ്രസ്താവനയുമായി ബന്ധപ്പെട്ട ചോദ്യത്തിന് താങ്കൾ നൽകിയ മറുപടിയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത നയത്തിന് വിരുദ്ധമായി രാഷ്ട്രീയമായി പക്ഷംചേർന്നുള്ള ചില പ്രസ്താവനകൾ കാണാനിടയായി. അത് താങ്കളുടെ തന്നെ വാക്കുകളിൽ: "എൻ.ഡി.എഫുമായി രഹസ്യബാന്ധവം സ്ഥാപിച്ചത് കോൺഗ്രസും യു.ഡി.എഫുമാണ്, ജമാഅത്തെ ഇസ്‌ലാമിയല്ല." ഇത് തികച്ചും അർധസത്യം മാത്രമായ ഒരു പ്രസ്താവനയായിരുന്നില്ലേ? യഥാർഥത്തിൽ എൻ.ഡി.എഫിനെ എൽ.ഡി.എഫും യു.ഡി.എഫും മാറി മാറി ഉപയോഗപ്പെടുത്തിയ സംഭവങ്ങൾ താങ്കളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാവുമല്ലോ. എൻ.ഡി.എഫിന്റെ സുപ്രീം കൗൺസിൽ അംഗമായ വി.ടി ഇക്റാമുൽ ഹഖിനെ മലപ്പുറത്തെ എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റാക്കിയത് സി.പി.എം ആയിരുന്നില്ലേ? കാവനൂർ പഞ്ചായത്തിൽ സി.പി.എം നേതാവായ ശ്രീധരൻ മാസ്റ്റർ പ്രസിഡന്റായതും എൻ.ഡി.എഫ് നേതാവ് ഷൗക്കത്തലി വൈസ് പ്രസിഡന്റായതും അവർ തമ്മിലുള്ള പരസ്പര ബാന്ധവത്തിന് തെളിവല്ലേ? വണ്ടൂർ ഗ്രാമപഞ്ചായത്തിൽ സി.പി.എം ഭരണം പിടിച്ചടക്കിയത് എൻ.ഡി.എഫിലെ പുത്തലത്ത് ചെറിയ മുഹമ്മദിന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനം നൽകിക്കൊണ്ടായിരുന്നില്ലേ? ഇത്രയും ജീവിക്കുന്ന തെളിവുകൾ നമ്മുടെ മുമ്പിലുള്ളപ്പോൾ എൻ.ഡി.എഫുമായി രഹസ്യബാന്ധവം നടത്തിയത് കോൺഗ്രസും യു.ഡി.എഫുമാണെന്ന താങ്കളുടെ മറുപടി വിലകുറഞ്ഞ രാഷ്ട്രീയ പ്രചാരണത്തിന്റെ ഭാഗമല്ലേ?*

***കെ. അസീസ് ചൊക്ലി***

**കോ**ൺഗ്രസ്സുകാരനായ ആര്യാടൻ ഷൗക്കത്തിന് മറുപടി നൽകുമ്പോൾ യു.ഡി.എഫിന്റെ എൻ.ഡി.എഫ് ബാന്ധവമല്ലാതെ എൽ.ഡി.എഫിനുണ്ടെന്ന് പറയുന്ന ബാന്ധവത്തെ പരാമർശിക്കേണ്ട കാര്യമില്ല. എൻ.ഡി.എഫിനോട് ആരൊക്കെ ബാന്ധവം പുലർത്തുന്നു എന്ന് വിശദീകരിക്കുകയായിരുന്നില്ല ലക്ഷ്യം; കോൺഗ്രസ്സുകാരൻ എൻ.ഡി.എഫിന്റെ പിതൃത്വം

അകാരണമായി ജമാഅത്തെ ഇസ്‌ലാമിയുടെമേൽ വെച്ചുകെട്ടിയപ്പോൾ അതിന്റെ മറുവശം ചൂണ്ടിക്കാട്ടിയതാണ്. ഇതിൽ നയവ്യതിയാനമൊന്നുമില്ല. ഈ പംക്തിയിൽ ഒരു പാർട്ടിയെയും വെള്ളപൂശാറില്ലെന്ന് അത് സ്ഥിരമായി വായിക്കുന്നവർക്കറിയേണ്ട സത്യമാണ്.

## മൗദൂദി സാഹിബിന്റെ ആത്മാർഥത

■ *"പ്രബോധനം വാരികയിൽ ഇങ്ങനെ കണ്ടു. 'ഇസ്‌ലാമിനോട് ആത്മാർഥമായ സ്നേഹവും അതിന്റെ സാമൂഹികമായ ഉള്ളടക്കത്തിൽ സുദൃഢമായ വിശ്വാസവുമുണ്ടായിരുന്ന മഹാ പണ്ഡിതന്മാർ വരെ ആധുനികതയുടെ ആക്രമണത്തിനു മുമ്പിൽ പതറിപ്പോയ സവിശേഷ ചരിത്രഘട്ടത്തിൽ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിന്റെ സാമൂഹിക ഉള്ളടക്കം കടലെടുത്തുപോകാതെ പിടിച്ചുനിർത്തിയതിൽ മറ്റാരെക്കാളും പ്രധാന പങ്കുവഹിച്ചത് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയും അദ്ദേഹം രൂപംനൽകിയ ജമാഅത്തെ ഇസ്‌ലാമിയുമാണ്' (16.8.2008). ഇത് ഒന്ന് നിരൂപണം ചെയ്യാമോ?*

*അബ്ദുല്ല കൊല്ലം*

*ഉ: മൗദൂദി സാഹിബിന്റെ ചില വീക്ഷണങ്ങളോട് ഈ പംക്തിയിൽ വിയോജിപ്പു പ്രകടിപ്പിക്കാറുണ്ടെങ്കിലും അദ്ദേഹം ഇസ്‌ലാമിനോടു സ്നേഹമുള്ള പണ്ഡിതനായിരുന്നു എന്നും, ഇസ്‌ലാമിന്റെ വിമർശകരുടെ മുമ്പിൽ ഇസ്‌ലാമിന്റെ മഹത്വം സ്ഥാപിക്കാൻ ആത്മാർഥമായി ശ്രമിച്ചിരുന്നു എന്നും അംഗീകരിക്കുന്നു.*

*എന്നാൽ ഭരണവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള അവതരണത്തിൽ അദ്ദേഹത്തിന് വലിയ അബദ്ധം പറ്റിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി ഇടക്കാലത്ത് സ്വീകരിച്ച രാഷ്ട്രീയ നയം മൗദൂദി സാഹിബിന്റെ വീക്ഷണത്തിൽ ബഹുദൈവത്വമാണ്. ജനാധിപത്യ പാർട്ടികൾക്കോ സോഷ്യലിസ്റ്റ് പാർട്ടികൾക്കോ വോട്ടു ചെയ്യുന്നത് ഇസ്‌ലാം അല്ലാത്ത മറ്റൊരു ദീനിൽ പ്രവേശിക്കലാണ് എന്നാണ് അദ്ദേഹം പറഞ്ഞത്." (വിചിന്തനം വാരികയിലെ ചോദ്യോത്തരം-9.1.2009).*

*മുജീബിന്റെ പ്രതികരണം?*

***ടി.കെ അലവി കുരിക്കൾ***
***വാരണാക്കര, കന്മനം***

**മൗ**ദൂദി ശീഈസത്തിന്റെ വക്താവോ ജൂത ഏജന്റോ ആയിരുന്നില്ലെന്ന്, ഇസ്‌ലാമിനോട് സ്നേഹമുള്ള, ഇസ്‌ലാമിന്റെ മഹത്വം സ്ഥാപിക്കാൻ ആത്മാർഥമായി ശ്രമിച്ച പണ്ഡിതനായിരുന്നു എന്ന വിലയിരുത്തലിൽനിന്ന് വ്യക്തമായി. അദ്ദേഹത്തിന് രാഷ്ട്രീയത്തിൽ അബദ്ധം പറ്റിയെങ്കിൽ ആ അബദ്ധത്തോടൊപ്പമാണ് പാകിസ്താനിലെ സലഫി സംഘടനകൾ എന്നോർക്കുന്നത് നന്ന്. ■